**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2707** **13-12-2022 - ൽ മറുപടിയ്ക്ക്**

**ലക്കി ബിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലക്കി ബിൽ പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം എത്രപേർക്ക് നാളിതുവരെ സമ്മാനം നൽകിയിട്ടുണ്ടെന്നും ഓരോരുത്തർക്കും സമ്മാനം ലഭിച്ച നറുക്കെടുപ്പ് തീയതിയും തുക കൈമാറിയ തീയതിയും സഹിതം വ്യക്തമാക്കുമോ; | (എ) | ലക്കി ബിൽ പദ്ധതിയിൽ സമ്മാനം നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപയാണ് വകയിരുത്തിയത്. ഓഗസ്റ്റ് മാസത്തിലെ നറുക്കെടുപ്പ് സെപ്റ്റംബർ മൂന്നാം തീയതി നടത്തുകയും ഒന്നാം സമ്മാനമായി 10 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 5 പേർക്ക് 2 ലക്ഷം രൂപ വീതവും മൂന്നാം സമ്മാനമായി 5 പേർക്ക് ഒരു ലക്ഷം രൂപാ വീതവും നൽകിയിട്ടുണ്ട്. ഈ തുക 21/11/22 ന് വിജയികളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളതാണ്. സെപ്റ്റംബർ മാസത്തിലെയും ബംബർ സമ്മാനത്തിന്റെയും നറുക്കെടുപ്പ് 05/12/2022 ന് നടത്തി. |
| (ബി) | ഭാഗ്യശാലികളായവർക്ക് സമ്മാന തുക കൈമാറുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) | ഭാഗ്യശാലികളായവർക്ക് സമ്മാനത്തുക കൈ മാറുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ